(ഇ) പുതിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചശേഷമാണ് അന്തിമ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളത്.

യുവതീ-യുവാക്കൾക്ക് തൊഴിൽ കുടുംബശ്രീ

147 (2780) ശ്രീ. വർക്കല കഹാർ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവതീ-യുവാക്കൾക്ക് തൊഴിൽ ലഭ്യമാകുന്ന പദ്ധതിക്ക് കുടുംബശ്രീ തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) എന്തെല്ലാം സഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ നല്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശല്യ യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ 18-35 ഇടയിൽ പ്രായമുള്ള കേരളത്തിലെ 30000 ഗ്രാമീണ യുവജനങ്ങൾക്ക് പരിശീലനം നൽകി അവർക്ക് ജോലി ലഭ്യമാക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിലൂടെ ആദ്യഘട്ടത്തിൽ കേരളത്തിലെ 30000 ഗ്രാമീണ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ പരിശീലനം കൊടുക്കുകയും തുടർന്ന് സംഘടിത മേഖലകളിൽ തൊഴിൽ കൊടുക്കുകയും ചെയ്യുന്നു. മൂന്നുമുതൽ പന്ത്രണ്ട് മാസം വരെയുള്ള പരിശീലനകാലയളവിൽ താമസം, ഭക്ഷണം, യൂണിഫോം, യാത്രാബത്ത തുടങ്ങിയവ സൗജന്യമായി ലഭിക്കുന്നു. പരിശീലനത്തിനുശേഷം എൻ.സി.വി.ടി. അല്ലെങ്കിൽ എസ്.എസ്.സി. അംഗീകാരമുള്ള സർട്ടിഫിക്കറ്റ് നൽകുന്നു. ആറായിരം രൂപമുതൽ പതിനയ്യായിരം രൂപവരെയുള്ള മാസശമ്പളം ലഭിക്കുന്ന ജോലിയാണ് പരിശീലനത്തിനുശേഷം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാർ പദ്ധതിത്തുകയുടെ 75% നൽകുന്നുണ്ട്.

(ഡി) സംസ്ഥാന തലത്തിൽ പദ്ധതിയുടെ മേൽനോട്ടം വഹിക്കുവാനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മിറ്റി നിലവിലുണ്ട്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ കുടുംബശ്രീ സംസ്ഥാന മിഷനിൽ സ്കിൽ ഡെവലപ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് ഡയറക്ടർക്ക് കീഴിൽ പ്രോഗ്രാം മാനേജർ (സ്കിൽസ്) നാല് സംസ്ഥാന കൺസൾട്ടന്റുമാരും ഉണ്ട്. ജില്ലകളിലെ മേൽനോട്ടത്തിനായി കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതാത് ജില്ലയിലെ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും, അസിസ്റ്റന്റ് ജില്ലാമിഷൻ കോ-ഓർഡിനേറ്ററും, ജില്ലാ കൺസൾട്ടന്റും (സ്കിൽസ്) പ്രസ്തുത പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നു. ബ്ലോക്ക് തലത്തിൽ ബ്ലോക്ക് കോ-ഓർഡിനേറ്ററും, പഞ്ചായത്ത് തലത്തിൽ കമ്മ്യൂണിറ്റി റിസോഴ്സ്പേഴ്സൺമാരും, നിലവിൽ പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു. പദ്ധതിയുടെ നടത്തിപ്പിനായി ഇതിനോടകം 23 പരിശീലന സ്ഥാപനങ്ങളുമായി കുടുംബശ്രീ മിഷൻ കരാറിലേർപ്പെട്ടിട്ടുണ്ട്.

അധികാര വികേന്ദ്രീകരണം

148 (2781) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബി. സത്യൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ നേട്ടങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിൽ ഗ്രാമസഭകൾക്കുള്ള പങ്ക് നിസ്തുലമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ നാല് വർഷത്തെ ഗ്രാമസഭകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ അവയുടെ പ്രവർത്തനം എത്രത്തോളം തൃപ്തികരമാണ് ;

LIBRARY ARCHIVES Kerala Legislative Assembly